(ബി) ഓരോ ജില്ലയിലും എത്ര പാടശേഖര സമിതികൾക്ക് സഹായധനം നൽകുകയുണ്ടായി ;

(സി) പാടശേഖര സമിതികൾക്ക് ധനസഹായം നൽകുന്നതിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ഡി) കണ്ണൂർ ജില്ലയിലെ ഏതെല്ലാം പാടശേഖര സമിതികൾക്ക് പ്രസ്തുത കാലയളവിൽ ധനസഹായം ലഭിച്ചുവെന്നും ഓരോ പാടശേഖര സമിതിക്കും എത്ര തുക വീതം ധനസഹായം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാടശേഖര സമിതിയുടെ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ 2014-15 സാമ്പത്തിക വർഷം 277.503 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

(ബി) അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(സി)

1. 5 ഹെക്ടറോ അതിൽ കൂടുതലോ വിസ്തൃതിയുള്ള രജിസ്റ്റേഡ് ഗ്രൂപ്പ് ഫാമിങ്ങ് പാടശേഖര സമിതികൾ ആയിരിക്കണം.
2. ഒരു ഹെക്ടറിന് 200 രൂപ നിരക്കിൽ പരമാവധി 20,000 രൂപ വരെ ഒരു പാടശേഖര സമിതിക്ക് ധനസഹായം നൽകുന്നുണ്ട്.

(ഡി) കണ്ണൂർ ജില്ലയിൽ 311 പാടശേഖരങ്ങൾക്ക് പ്രസ്തുത കാലയളവിൽ ധനസഹായം നൽകിയിട്ടുണ്ട്. ഓരോ പാടശേഖരസമിതിക്കും നൽകിയ തുകയുടെ വിശദവിവരം ശേഖരിച്ചുവരുന്നു.

റബ്ബർ കർഷകരുടെ പ്രതിസന്ധി

162 (1531) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) സ്വാഭാവിക റബ്ബർ ഉല്പാദനത്തിൽ ഉണ്ടായ വ്യത്യാസം കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകളുമായി താരതമ്യപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്വാഭാവിക റബ്ബറിന്റെ കഴിഞ്ഞ 3 വർഷങ്ങളിലെ ഉല്പാദനം സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു :

വർഷം	ഉല്പാദനം
2012-13	913700
2013-14	774000
2014-15	655000

(സി) റബ്ബർ വിലയിടിവുമൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിനും സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 56/2014/കൃഷി, തീയതി, 25-2-2014 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ് ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. ഒന്നാംഘട്ട റബ്ബർ സംഭരണത്തിൽ സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ കൈകാര്യച്ചെലവ് അനുവദിക്കുന്നതിനായി സർക്കാരിന്റെ സാമ്പത്തിക ബാധ്യത പരമാവധി 6 കോടി രൂപയിൽ പരിമിത പ്പെടുത്തിക്കൊണ്ട് കൃഷി, സഹകരണ വകുപ്പുകൾ 2:1 എന്ന അനുപാതത്തിൽ തുക കണ്ടെത്തുകയും, കൃഷി വകുപ്പിന്റെ വിഹിതമായ 4 കോടി രൂപ, വില സ്ഥിരതയ്ക്കു വേണ്ടി വിപണി ഇടപെടൽ എന്ന ശീർഷകത്തിൽ നിന്നും 2013-14-ൽത്തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽനിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി RSS-4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ സ.ഉ(എംഎസ്.)നമ്പർ 232/2014/കൃഷി തീയതി, 13-10-2014 പ്രകാരം RSS-5 ഗ്രേഡിലുള്ള റബ്ബറും കരഷകരിൽനിന്നും സംഭരണം നടത്തുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. തുടർന്ന് സ.ഉ(എംഎസ്.)നമ്പർ254/2014/കൃഷി, തീയതി 6-11-2014 പ്രകാരം റബ്ബർ കരഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽനിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി RSS-4, RSS-5 ഗ്രേഡിലുള്ള റബ്ബർ സംഭരണത്തിന് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംഭരണ ഏജൻസികൾക്കുള്ള പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് റബ്ബർ സംഭരണം അടിയന്തരമായി പുനരാരംഭിക്കുന്നതിനായി സ.ഉ.(എംഎസ്.) നമ്പർ 176/2014/കൃഷി തീയതി, 16-8-2014 പ്രകാരം 10 കോടി രൂപ 'വില സ്ഥിരതയ്ക്കു വേണ്ടി വിപണി ഇടപെടൽ പദ്ധതി'പ്രകാരം അധികമായി അനുവദിച്ചുകൊണ്ട് 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും, റബ്ബർ മാർക്കിനും അനുവദിച്ചു നൽകുകയും, റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 304/2014/കൃഷി തീയതി, 15-2-2014 പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ നൽകുന്ന കൈകാര്യച്ചെലവ് 9 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. 2015-16-ൽ റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി സ.ഉ. (എംഎസ്.)നമ്പർ 41/2015 തീയതി, 11-3-2015 പ്രകാരം കൃഷി വകുപ്പിന്റെ വില സ്ഥിരതക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം 1 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും, റബ്ബർ മാർക്കിനും അനുവദിച്ചു നൽകിയിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 20 ശതമാനമോ, കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്നത് ഉയർത്തിക്കൊണ്ട് 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്ക് കേന്ദ്രസർക്കാർ തീരുമാനമായിട്ടുണ്ട്.

നാളികേര കർഷകരിൽ നിന്നുള്ള വിത്തുതേങ്ങ സംഭരണം

163 (1532) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നാളികേര കർഷകരിൽനിന്നും വിത്തുതേങ്ങ സംഭരണത്തിനായി എത്ര തുകയാണ് കഴിഞ്ഞ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത് എന്നും ഈ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും വിശദമാക്കുമോ ;

(ബി) നാളികേര കർഷകർക്ക് വിത്തുതേങ്ങ സംഭരണയിനത്തിൽ ലഭിക്കേണ്ട തുക യഥാസമയത്ത് ലഭിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;